# മലയാളം പഠിക്കാൻ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കേരള ഭാഷാപാഠാവലി

● സ്വന്തം ലേഖകൻ

തിരുവനന്തപുരം > കുട്ടികൾക്ക് മലയാളം പഠിക്കാൻ ഭാഷാ പാഠാവലിയുമായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. വാക്ക്, വാക്യം, വ്യാകരണം എന്നീ ക്രമത്തിൽ മലയാള ഭാഷ പഠിക്കാനാണ് കേരള ഭാഷാ പാഠാവലി ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചത്. പത്തു വയസ്സ് മുതലുള്ള വിദ്യാർഥികൾക്കായാണ് ഭാഷാപാഠശാലയോടനുബന്ധിച്ച് പുസ്തകം പ്രസിദ്ധീകരിച്ചത്. ഉച്ചാരണശുദ്ധിയോടെ സംസാരിക്കാനും കൈയക്ഷരം വടിവൊത്തതാക്കാനും പുസ്തകം ഏറെ സഹായിക്കും.

അ എന്ന അക്ഷരത്തിൽ അമ്മ, അലമാര, അരണ എന്ന് ചിത്രങ്ങൾ സഹിതമാണ് പഠിക്കുന്നത്. കുഞ്ചൻ നമ്പ്യാർ, കുഞ്ഞുണ്ണി, വട്ടപ്പറമ്പിൽ പീതാംബരൻ, സിപ്പി പള്ളിപ്പുറം, മടവൂർ കൃഷ്ണൻകുട്ടി എന്നിവരുടെ അക്ഷരമാലപ്പാട്ടുകൾ, അക്ഷരാവർത്തനപ്പാട്ടുകൾ, കൂട്ടക്ഷരപ്പാട്ടുകൾ, വയലാർ, ഉള്ളൂർ, കുമാരനാശാൻ, വള്ളത്തോൾ, ഒ എൻ വി, പന്തളം കേരളവർമ, സുഗതകുമാരി, ഏഴാച്ചേരി രാമചന്ദ്രൻ തുടങ്ങിയവരുടെ ബാലകവിതകൾ, വായ്ത്താരികൾ, ഒറ്റശ്വാസത്തിൽ വായിക്കാനുള്ളതും നാടോടി സാഹിത്യവും ഉൾപ്പെടുന്നതാണ് ഉള്ളടക്കം. മലയാള ഭാഷയുടെയും സംസ്കാരത്തിന്റെയും വഴികൾ തിരിച്ചറിയാനുതകുന്നതാണിത്.




10 മുതൽ 20 വയസ്സ് വരെയുള്ള കുട്ടികൾക്ക് 45 പ്രവൃത്തിദിനങ്ങളിലായി 150 മണിക്കൂർ പഠനം നടത്താൻ പാകത്തിനാണ് കേരള ഭാഷാപാഠശാലയുടെ സിലബസ് ക്രമീകരിച്ചിരിക്കുന്നത്. പുസ്തകം 100 രൂപയ്ക്ക് ലഭ്യമാണ്. കേരളഭാഷാ പാഠശാലയുടെ സൗജന്യ ഭാഷാപഠനസേവനം വിദ്യാർഥികൾ പ്രയോജനപ്പെടുത്തണമെന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. വി കാർത്തികേയൻ നായർ പറഞ്ഞു.